മാതൃഭൂമി
22 November 2025

അറബിക്കടലിൽ പുതിയ ഇനം

# നീരാളിക്കൂന്തൽ

## ടനിൻജിയ എന്ന ജനുസ്സിൽപെട്ട ലോകത്തിലെ തന്നെ രണ്ടാമത്തെ കൂന്തൽ ഇനം



ടനിൻജിയ സൈലാസി

**കൊച്ചി**▸ അറബിക്കടലിൽനിന്ന് പുതിയ ഇനം ആഴക്കടൽ നീരാളിക്കൂന്തലിനെ കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രസംഘം. ആഗോളതലത്തിൽത്തന്നെ അപൂർവമായ ടനിൻജിയ എന്ന ജെനുസ്സിൽ പെട്ടതാണ് ഈ ആഴക്കടൽ കൂന്തൽ.

ഇതുവരെ, അറ്റ്ലാന്റിക് സമുദ്രത്തിൽ കാണപ്പെടുന്ന ടനിൻജിയ ഡാനേ മാത്രമാണ് ഈ വർഗത്തിൽ കണ്ടെത്തിയിരുന്ന ഒരേയൊരു കൂന്തൽ ഇനം.

രണ്ടാമത്തെ ഇനം കൂന്തലിനെയാണ് സിഎംഎഫ്ആർഐ സംഘം കണ്ടെത്തിയത്. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗീതാ ശശികുമാറും ടെക്നിക്കൽ ഓഫീസർ ഡോ. കെ.കെ. സജികുമാറും ചേർന്ന ഗവേഷണ സംഘമാണ് ഈ നേട്ടത്തിനു പിന്നിൽ.

ലോകമെമ്പാടും ഏകദേശം 400-ഓളം വ്യത്യസ്ത ഇനം കൂന്തലുകളെ കണ്ടെത്തിയിട്ടുണ്ട്.

പുതിയ കൂന്തലിനെ കണ്ടെത്തിയതായുള്ള പഠനം രാജ്യാന്തര ജേണലായ മറൈൻ ബയോഡൈവേഴ്സിറ്റിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗവേഷണ വിദ്യാർഥികളായ ഡോ. ഷിജിൻ അമേരി, ടോജി തോമസ് എന്നിവരും പഠനസംഘത്തിലുണ്ടായിരുന്നു.

### വ്യത്യസ്തരാണ് ടനിൻജിയ



ഡോ. ഇ.ജി. സൈലാസ്

സാധാരണ കൂന്തലുകളിൽനിന്നു വ്യത്യസ്തരാണ് ടനിൻജിയ സൈലാസി. ഒക്ടോപോട്യൂത്തിഡേ കുടുംബത്തിൽപ്പെട്ട കൂന്തലാണിത്. ഇവയ്ക്ക് കൂന്തലുകളെ പോലെ രണ്ട് നീളമുള്ള സ്പർശിനികൾ ഇല്ല. നീരാളികളെ പോലെ എട്ട് കൈകൾ മാത്രമാണുള്ളത്. ഇക്കാരണത്താൽ നീരാളിക്കൂന്തൽ എന്നാണ് ഇവയെ വിളിക്കുന്നത്. ഈ അത്യപൂർവ ഇനം കൂന്തലിനെ കണ്ടെത്തിയത് കൊല്ലം പുറംകടലിൽ ഏകദേശം 390 മീറ്റർ ആഴത്തിൽനിന്നാണ്.

### പുതിയ നാമകരണം

പുതിയ കൂന്തലിനെ ടനിൻജിയ സൈലാസി എന്ന് നാമകരണം ചെയ്തു. സിഎംഎഫ്ആർഐ മുൻ ഡയറക്ടറും കേരള കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞൻ ഡോ. ഇ.ജി. സൈലാസിന് ആദരമായാണ് ഈ പേരു നൽകിയത്. ഇന്ത്യയിലെ കണവ ഗവേഷണ രംഗത്ത് മുൻനിരക്കാരനായിരുന്നു ഡോ. സൈലാസ്.

“

ആദ്യമായാണ് അറബിക്കടലിൽനിന്നു ടനിൻജിയ വർഗത്തിലെ നീരാളിക്കൂന്തലിനെ കണ്ടെത്തുന്നത്. ആദ്യ കാഴ്ചയിൽ ഈ വർഗത്തിലെ ഏക ഇനമായ ടനിൻജിയ ഡാനേ ആണെന്നാണ് കരുതിയത്. ഇവ ഏകജാതീയമാണെന്നായിരുന്നു ഗവേഷകർക്കിടയിൽ ഇതുവരെയുണ്ടായിരുന്ന വിശ്വാസം. എന്നാൽ, ഇവ രണ്ടും തമ്മിൽ ബാഹ്യരൂപത്തിൽ വ്യത്യാസമുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ വിശദമായ ജനിതക-വർഗീകരണ പഠനത്തിലാണ് അറബിക്കടലിൽനിന്ന് ലഭിച്ചത് പുതിയ ഇനം കൂന്തലാണെന്ന് തിരിച്ചറിഞ്ഞത്.

**- ഡോ. ഗീതാ ശശികുമാർ**

വലിയ വലുപ്പവും തൂക്കവും കൈവരിക്കുന്നതാണ് ഈ കുടുംബത്തിലെ കൂന്തലുകൾ. ഇവ രണ്ട് മീറ്ററിലേറെ നീളവും ഏകദേശം 61 കിലോഗ്രാം തൂക്കവും കൈവരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**- ഡോ. സജികുമാർ**